**A**

സമഗ്ര ശിക്ഷാ കേരളം

**6001**

# ആത്യന്തിക വിലയിരുത്തൽ II 2025-2026

## ആരോഗ്യ കായിക വിദ്യാഭ്യാസം, കലാവിദ്യാഭ്യാസം & തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

ക്ലാസ്: 6

സമയം : 2 മണിക്കൂർ 15 മിനിട്ട്

ആകെ സ്കോർ : 45

### നിർദേശങ്ങൾ

- ആകെ സമയത്തിന്റെ ആദ്യത്തെ **15** മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ചോദ്യപേപ്പറിൽ A. ആരോഗ്യകായിക വിദ്യാഭ്യാസം B. കലാവിദ്യാഭ്യാസം C. തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം എന്നീ മൂന്ന് വിഭാഗങ്ങളുണ്ട്.
- എല്ലാ വിഭാഗങ്ങളുടെയും ചോദ്യങ്ങൾക്കും ഉപചോദ്യങ്ങൾക്കും കൃത്യമായ നിർദേശങ്ങൾ പാലിച്ച് ഉത്തരം എഴുതണം.

## A. ആരോഗ്യ കായിക വിദ്യാഭ്യാസം

സമയം: 40 മിനിട്ട്

സ്കോർ : 15

**ചുവടെകൊടുത്തിരിക്കുന്ന ഓരോചോദ്യവും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതുക**

1. ഇടിമിന്നൽ ഉണ്ടാകുമ്പോൾ സ്വീകരിക്കേണ്ട സരുക്ഷാമുൻകരുതലുകളുമായി ബന്ധപ്പെട്ട് താഴെ നൽകിയിട്ടുള്ളവയിൽ തെറ്റായ പ്രസ്താവന ഏത്? (1 സ്കോർ)

   (A) കെട്ടിടത്തിനകത്ത് ഇരിക്കുക.　　(B) ജനലും വാതിലും അടച്ചിടുക.

   (C) ഇലക്ട്രിക് ഉപകരണങ്ങൾ ഉപയോഗിക്കുക.

   (D) തുറസ്സായസ്ഥലത്തും ടെറസിലും കളിക്കാതിരിക്കുക.

   i) A,B എന്നിവ ശരിയാണ്　　ii) C,D എന്നിവ ശരിയാണ്

   iii) C മാത്രം ശരിയാണ്　　iv) D മാത്രം ശരിയാണ്

2. ചേരുംപടി ചേർക്കുക

   താഴെ കാണുന്ന പട്ടിക പരിശോധിച്ച് ശരിയുത്തരം എഴുതുക. (1 സ്കോർ)

| A | B |
|---|---|
| 1.നിർബന്ധിത അടയാളങ്ങൾ | (i) നീല ചതുരം  |
| 2.മുന്നറിയിപ്പ് അടയാളങ്ങൾ | (ii)ചുവന്ന വൃത്തം  |
| 3.വിവരസൂചക അടയാളങ്ങൾ | (iii)ചുവന്ന ത്രികോണം  |

a) 1-i, 2-ii, 3-iii

b) 1-ii, 2-iii, 3-i


c) 1-iii, 2-i, 3-ii

3. കളിക്കുന്നതിനിടയിൽ വീണ് മുറിവുണ്ടായാൽ അണുബാധതടയുന്നതിനും മുറിവ് വേഗത്തിൽ ഭേദമാക്കുന്നതിനും പ്രഥമശുശ്രൂഷയുടെ ഭാഗമായി ചെയ്യേണ്ട രണ്ട് പ്രധാന കാര്യങ്ങൾ എന്തൊക്കെയാണ്? (2 സ്കോർ)

4. ചുവടെ നൽകിയിരിക്കുന്ന ചിത്രങ്ങൾ നിരീക്ഷിച്ച് ശരിയായരീതി ഏതെന്ന് കണ്ടെത്തി വിവരിക്കുക.



ചിത്രം A



ചിത്രം B

**5 മുതൽ 7 വരെയുള്ള ചോദ്യങ്ങളിൽ a,b ചോദ്യങ്ങളുണ്ട്. അവയിൽ ഒരെണ്ണത്തിന് ഉത്തരം എഴുതിയാൽ മതി.**

5. a. ചാടുമ്പോൾ ഉണ്ടാകുന്ന ശാരീരികാഘാതം കുറച്ച് സുരക്ഷിതമായി നിലത്ത് പതിക്കുന്നതിനു വേണ്ടി ശ്രദ്ധിക്കേണ്ട രണ്ട് പ്രധാന കാര്യങ്ങൾ വിശദമാക്കുക?

**അല്ലെങ്കിൽ**

b. താഴെ പറയുന്ന കായിക പ്രവർത്തനങ്ങളിൽ ഉപയോഗിക്കുന്ന എറിയൽ രീതി ഏതെന്ന് വ്യക്തമാക്കുക?

i) ക്രിക്കറ്റ് ബോൾ ത്രോ

ii) ഹാൻഡ്ബാൾ ഷൂട്ടിംഗ്

6. a. അശ്രദ്ധമായി റോഡ് മുറിച്ചുകടക്കുമ്പോൾ ഉണ്ടാകുന്ന അപകടങ്ങൾ പതിവ് കാഴ്ച യാണ്. റോഡ് മുറിച്ചുകടക്കുമ്പോൾ ശ്രദ്ധിക്കേണ്ട നാലുഘട്ടങ്ങൾ പാലിച്ചിരുന്നെങ്കിൽ ഇത്തരം അപകടങ്ങൾ ഒഴിവാക്കാമായിരുന്നു. അവ ഏതെല്ലാം? (2സ്കോർ)

**അല്ലെങ്കിൽ**

b. നിങ്ങൾ ഒരു ദേശീയപാതയിലൂടെ യാത്രചെയ്യുമ്പോൾ റോഡിന്റെ മധ്യഭാഗത്ത് ഇടവിട്ടുള്ള വെള്ള വര (Broken white line) കാണുന്നു. (2 സ്കോർ)

i) ഈ റോഡ് അടയാളം എന്തിനെ സൂചിപ്പിക്കുന്നു?

ii) ഈ അടയാളം അനുസരിച്ച് യാത്ര ചെയ്യുമ്പോൾ പാലിക്കേണ്ട പ്രധാനസുരക്ഷാ മാനദണ്ഡം എന്ത്?

7. a. പാചകം ചെയ്യുന്നതിനിടയിൽ ഒരാളുടെ കൈയിൽ തിളച്ച എണ്ണ തെറിച്ച് പൊള്ളലേറ്റു. തീവ്രമല്ലാത്ത ഈ പൊള്ളലിന് ഉടൻ നൽകേണ്ട രണ്ട് പ്രഥമശുശ്രൂഷാരീതികൾ എന്തെല്ലാമാണ്? (2 സ്കോർ)

അല്ലെങ്കിൽ

b. നിങ്ങളുടെ വിദ്യാലയത്തിലെ ഒരു കെട്ടിടത്തിൽ അഗ്നിബാധ സംഭവിച്ചാൽ, അടിയന്തിര സഹായം ലഭിക്കാൻ സ്വീകരിക്കേണ്ട മാർഗങ്ങൾ എന്തെല്ലാം?

8. ചതവിനുള്ള പ്രഥമശുശ്രൂഷാരീതിയാണ് 'PRICE'. ഇതിലെ അക്ഷരങ്ങൾ എന്തിനെയാണ് സൂചിപ്പിക്കുന്നത്?

(3 സ്കോർ)



P




R



I



C



E

## B. കലാവിദ്യാഭ്യാസം

സമയം: 40 മിനിട്ട്

സ്കോർ : 15

1,2 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (2x1 സ്കോർ=2)

1. സ്കൂളിൽനിന്നു മടങ്ങിവന്ന റിക്കി, ടി.വി തുറന്നപ്പോൾ അതിൽ ഒരു സംഗീതോപകരണം വായിക്കുന്നതു കണ്ടു. ഏറെ ആകർഷണീയതയുള്ള ആ ഉപകരണം തന്റെ പാഠഭാഗത്തുള്ള പിയാനോ ആണെന്ന് അവന് മനസ്സിലായി.

   പിയാനോയെ സംബന്ധിച്ച് താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ ശരിയായവ കണ്ടെത്തി ഉത്തരമെഴുതുക.

   a. പാശ്ചാത്യസംഗീതത്തിലെ പ്രധാനപ്പെട്ട സംഗീതോപകരണമാണ് പിയാനോ.

   b. പിയാനോ ഒരു കർണ്ണാടകസംഗീത ഉപകരണമാണ്.

   c. ഇത് കട്ടകൾ ഉപയോഗിച്ച് വായിക്കുന്ന ഒരു തന്ത്രിവാദ്യമാണ്.

   d. പിയാനോ നാടൻ പാട്ടുകളിൽ മാത്രം ഉപയോഗിക്കുന്ന ഒരു സംഗീതോപകരണമാണ്.

      i. a യും b യും ശരിയാണ്

      ii. a യും c യും ശരിയാണ്

      iii. d യും c യും ശരിയാണ്.

      iv. ഇവയൊന്നും ശരിയല്ല.

2. ഉത്തരേന്ത്യയിലെ പ്രധാന നൃത്തരൂപമായ കഥക്കിലെ താളങ്ങൾ താഴെ കൊടുത്തിരിക്കുന്നു. മാത്രകളുടെ എണ്ണത്തിനനുസരിച്ച് അനുയോജ്യമായത് കണ്ടെത്തിയെഴുതുക.

| | | |
|---|---|---|
| a. തീൻതാൾ (16 മാത്ര) | i. | ധി നാ/ധി ധി നാ / തി നാ ധി ധി നാ |
| b ജാപ്താൾ (10 മാത്ര) | ii. | ധാ ധി നാ / ധാ തു നാ |
| c കെഹെർവാതാൾ (8മാത്ര) | iii. | ധാ ധിൻ ധിൻ ധാ / ധാ ധിൻ ധിൻ ധാ<br>ധാ ധിൻ ധിൻ ധാ / ധാ ധിൻ ധിൻ ധാ |
| d. ഭാദ്ര താൾ (6 മാത്ര) | iv. | ധാ ഗെ ന തി/ ത ക ധി നാ |

| | | | |
|---|---|---|---|
| 1) a (iii) | b (i) | c (iv) | d (ii) |
| 2) a (iv) | b (ii) | c (iii) | d (i) |
| 3) a (i) | b (ii) | c (iii) | d (iv) |
| 4 a (ii) | b (iv) | c (i) | d (iii) |

**3 മുതൽ 6 വരെയുള്ള എല്ലാചോദ്യങ്ങൾക്കും ഉത്തരമെഴുതുക.** **(4x2 സ്കോർ =8)**

3. ഒരു റേഡിയോനാടകത്തിൽ, കേവലം സംഭാഷണങ്ങൾക്കപ്പുറം കഥാപാത്രങ്ങളുടെ മാനസികാവസ്ഥകളും രംഗത്തിന്റെ അന്തരീക്ഷവും കേൾവിക്കാരനിലേക്ക് എത്തിക്കാൻ ഉപയോഗിക്കുന്ന പ്രധാനഘടകങ്ങൾ എന്തൊക്കെയാണ്?


4. (a) ഒഡീഷയിലെ ക്ലാസിക്കൽ നൃത്തരൂപത്തിന്റെ ചിത്രമാണിത്. ഈ നൃത്തരൂപത്തിന്റെ പേരെഴുതുക.




(b) താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകൾ വിശകലനം ചെയ്ത് നൃത്തരൂപം കണ്ടെത്തിയെഴുതുക.

- 9 മുതൽ 13 വയസ്സുവരെയുള്ള ആൺകുട്ടികൾ അഭ്യസിക്കുന്നു.
- അസാമാന്യമായ ശരീരവഴക്കം നേടിയെടുക്കുന്നു.
- ഒഡീസി നൃത്തത്തിന്റെ ആദ്യ കളരിയായി ഈ നൃത്തരൂപം അറിയപ്പെടുന്നു.


5.




മുകളിൽ കൊടുത്തിരിക്കുന്ന ചിത്രം നിരീക്ഷിച്ച് താഴെ കൊടുത്തിരിക്കുന്ന പിരമിഡിലെ ഇംഗ്ലീഷ് അക്ഷരങ്ങൾ ആരോഹണ – അവരോഹണ ക്രമത്തിൽ പൂർത്തിയാക്കുക.



6. 'ഒരു പക്ഷി പറന്നു വന്ന് മരക്കൊമ്പിലിരിക്കുന്നു' എന്ന ദൃശ്യത്തെ ഒരു ആനിമേഷൻ സിനിമയ്ക്ക് ആവശ്യമായ സ്റ്റോറിബോർഡ് രൂപത്തിൽ നാലു ഫ്രെയിമുകളിലായി വരക്കുക.



7A, 7B ചോദ്യങ്ങളിൽ ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരം എഴുതുക. (5x1 =5 സ്കോർ)

7. (A) ക്ലാസിൽ തയ്യാറാക്കുന്ന കൈയെഴുത്തുമാസികയാണ് 'സൗഹൃദം'. ഇതിനനുയോജ്യമായ ഒരു കവർ ചിത്രം വരച്ച്, തയ്യാറാക്കുക. (കവർ ചെയ്യുമ്പോൾ 10cm വീതിയും 15cm നീളവും അനുസരിച്ച് ചെയ്യേണ്ടതാണ്.)

*അല്ലെങ്കിൽ*

7. (B) 'പരിസ്ഥിതി നേരിടുന്ന വെല്ലുവിളി' എന്ന വിഷയത്തിൽ പ്രകൃതിയിലെ ജീവജാലങ്ങളെ കഥാപാത്രമാക്കി ഒരു കാർട്ടൂൺ തയ്യാറാക്കുക.

## C. തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

സമയം: 40 മിനിട്ട്
സ്കോർ : 15

താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനയിൽ ശരിയായത് തിരഞ്ഞെടുക്കുക.

1. റേഡിയോ ജോക്കിക്ക് ആവശ്യമായ കഴിവുകളേയും നൈപുണികളേയും കുറിച്ചുള്ള പ്രസ്താവനകൾ താഴെ തന്നിരിക്കുന്നു. (സ്കോർ 1)

   i. അവതരിപ്പിക്കുന്ന വിഷയത്തിലെ ആഴത്തിലുള്ള അറിവ്.

   ii. സങ്കീർണമായ ഭാഷ പ്രയോഗങ്ങൾ.

   iii. ഒഴുക്കോടെ സംസാരിക്കാനുള്ള കഴിവ്.

   A) പ്രസ്താവന i, iii ശരിയാണ്

   B) പ്രസ്താവന ii,iii ശരിയാണ്

   C) പ്രസ്താവന i,ii ശരിയാണ്

   D) എല്ലാം ശരിയാണ്

2. ചേരുംപടി ചേർത്ത് തന്നിരിക്കുന്നവയിൽ ഉചിതമായവ തിരഞ്ഞെടുക്കുക. (സ്കോർ 1)

| | | |
|---|---|---|
| a) സാമ്പത്തിക പ്രവർത്തനം | 1. റീസൈക്കിൾ | i. കർഷകൻ |
| b) വളർച്ച മാധ്യമം | 2. വിദഗ്ധ തൊഴിൽ | ii. റേഡിയോ ജോക്കി |
| c) തൽസമയ പ്രക്ഷേപണം | 3. പെർലൈറ്റ് | iii. ഹരിത കർമ്മ സേന |
| d) 8R ആശയം | 4. ആശയവിനിമയം | iv. ഡോക്ടർ |

A) a-3-iv, b-2-iii, c-4-ii,d-1-i

B) a-2-iv, b-4-ii, c-1-iv, d-3-i

C) a-2-iv, b-3-i, c-4-ii,d-1-iii

D) a-4-ii, b-1-iii, c-3-i,d-2-iv

3. താഴെ കൊടുത്തിരിക്കുന്ന ചിത്രത്തിലെ ചെടിയുടെ വേരുകൾ സാധാരണ ചെടിയുടെ വേരുകളിൽ നിന്നും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു? ഈ അവസ്ഥയുടെ പേരെന്ത്? (സ്കോർ 2)



4. a) റേഡിയോ പരിപാടികൾ എത്രവിധത്തിലുണ്ട്? (സ്കോർ 1)

b) റെക്കോർഡഡ് റേഡിയോ പരിപാടികൾ അവതരിപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം? (സ്കോർ 1)

5. പുതിയ വീട്ടിൽ ഷെറിന് സ്വന്തമായി ഒരു മുറി ലഭിച്ചിട്ടുണ്ട്. പഠനത്തിനും വിശ്രമത്തിനും ഉതകുന്ന രീതിയിൽ മുറിയൊരുക്കാൻ ഷെറിനെ സഹായിക്കാമോ? ഒരു ചിത്രത്തിലൂടെ വിശദീകരിക്കുക. (സ്കോർ 2)

6. a)ടെറസിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ഉപയോഗിക്കാവുന്ന ഏതെങ്കിലും 2 വളർച്ച മാധ്യമം നിർദേശിക്കുക? (സ്കോർ 1)

b) ഈ വളർച്ച മാധ്യമം നിർദേശിക്കാനുള്ള കാരണങ്ങൾ വ്യക്തമാക്കുക? (സ്കോർ 2)


**താഴെ കൊടുത്തിരിക്കുന്ന 7A,7B ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് മാത്രം ഉത്തരം എഴുതിയാൽ മതി.**

7.A. a) സാമ്പത്തിക പ്രവർത്തനങ്ങളും സാമ്പത്തികേതര പ്രവർത്തനങ്ങളും ഒരേപോലെ ഏറ്റെടുക്കുമ്പോൾ മികച്ച പൗരന്മാർ രൂപപ്പെടുന്നു. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? എന്തുകൊണ്ട്? (സ്കോർ 2 )

b) പരിചിതമായ നാല് സാമ്പത്തിക പ്രവർത്തനങ്ങളും നാല് സാമ്പത്തികേതര പ്രവർത്തനങ്ങളും പട്ടികപ്പെടുത്തൂ. (സ്കോർ 2)

അല്ലെങ്കിൽ

7.B




രേണുവിന്റെ വീട്ടിൽ മണ്ണില്ലാതെ കൃഷിക്കായി തയ്യാറാക്കിയ പൂച്ചട്ടിയാണിത്. 3:1:1 എന്ന അനുപാതത്തിലാണ് പോട്ടിംഗ് മിശ്രിതം തയ്യാറാക്കിയത്.

a) A, B, C എന്നീ വസ്തുക്കളെ തിരിച്ചറിയുക (സ്കോർ 2)

b) ഇവ ഓരോന്നിന്റെയും ഗുണങ്ങളും പരിമിതികളും രേഖപ്പെടുത്തുക ( സ്കോർ 2 )